**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** | **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തങ്ങളിലെ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2021 മെയ് 2ന് ശേഷമുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | മെയ് രണ്ടിന് ശേഷം കേരളത്തെ ബാധിച്ച പ്രകൃതി ദുരന്തം ആയ ടൗട്ടെ ചുഴലിക്കാറ്റ് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.11 പേർ മരണപ്പെട്ടുകയും 22 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. 24433 ഹെക്ടർ പ്രദേശത്ത് കൃഷി നാശം സംഭവിച്ചു. 4392 വളർത്തു മൃഗങ്ങൾക്കു ജീവഹാനി സംഭവിച്ചു.29 മൽസ്യബന്ധന ബോട്ടുകൾ പൂർണമായും 96 ബോട്ടുകൾ ഭാഗികമായും തകർന്നു. 235 മൽസ്യബന്ധന വലകൾ പൂർണമായും 47 എണ്ണം ഭാഗികമായും നശിച്ചു. 261 വീടുകൾ പൂർണമായും 4776 വീടുകൾ ഭാഗികമായും തകർന്നു. 531 കാലിത്തൊഴുത്തുകൾക്കു നാശം സംഭവിച്ചു. വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, റോഡുകൾ, കുടിവെള്ള വിതരണ ശൃംഖല തുടങ്ങി അടിസ്ഥാന സൗകര്യങ്ങളിൽ 9306.41 ലക്ഷം രൂപയുടെ നാശനഷ്ട്ടം കണക്കാക്കിയിട്ടുണ്ട് . |
| (ബി) | ഇവ മൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്നു വ്യക്തമാക്കുമോ; | (ബി) | മെയ് രണ്ടിന് ശേഷം കേരളത്തെ ബാധിച്ച പ്രകൃതി ദുരന്തം ആയ ടൗട്ടെ ചുഴലിക്കാറ്റ് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.11 പേർ മരണപ്പെട്ടുകയും 22 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. 24433 ഹെക്ടർ പ്രദേശത്ത് കൃഷി നാശം സംഭവിച്ചു. 4392 വളർത്തു മൃഗങ്ങൾക്കു ജീവഹാനി സംഭവിച്ചു.29 മൽസ്യബന്ധന ബോട്ടുകൾ പൂർണമായും 96 ബോട്ടുകൾ ഭാഗികമായും തകർന്നു. 235 മൽസ്യബന്ധന വലകൾ പൂർണമായും 47 എണ്ണം ഭാഗികമായും നശിച്ചു. 261 വീടുകൾ പൂർണമായും 4776 വീടുകൾ ഭാഗികമായും തകർന്നു. 531 കാലിത്തൊഴുത്തുകൾക്കു നാശം സംഭവിച്ചു. വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, റോഡുകൾ, കുടിവെള്ള വിതരണ ശൃംഖല തുടങ്ങി അടിസ്ഥാന സൗകര്യങ്ങളിൽ 9306.41 ലക്ഷം രൂപയുടെ നാശനഷ്ട്ടം കണക്കാക്കിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി; വ്യക്തമാക്കുമോ; | (സി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു; ഇതിനായി നാളിതുവരെ ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രകൃതി ദുരന്തത്തിൽ പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ മാനദണ്ഡം അനുസരിച്ചുള്ള ദുരിതാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ